പാട്ടത്തിന് പച്ചക്കറി കൃഷി ചെയ്യുന്നതിന് സഹായം നൽകിവരുന്നു. ഒരു ഹെക്ടറിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ആകെ 30,000 രൂപ ധനസഹായമായി നൽകിവരുന്നു. ഇതിൽ 5,000 രൂപ ഭൂമിയുടെ ഉടമസ്ഥനും 25,000 രൂപ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകനും ലഭിക്കും. പദ്ധതി പ്രകാരം 400 ഹെക്ടർ തരിശ്ശു നിലത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി 120 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി&ഡി) തരിശ്ശുഭൂമി പാട്ടത്തിനുനൽകി വിവിധ പദ്ധതികൾ പ്രകാരം പച്ചക്കറിയും നെല്ലും കൃഷി ചെയ്തതിന്റെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

കർഷകർക്ക് സ്മാർട്ട് കാർഡുകൾ

203 (1573) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

കർഷകർക്ക് സ്മാർട്ട് കാർഡുകൾ നൽകാൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് ; ഓരോ കാർഡിനും എത്ര ചെലവുവരുമെന്നും ഇതുകൊണ്ട് കർഷകനുണ്ടാകുന്ന ഗുണമെന്താണെന്നും വിശദമാക്കാമോ ?

ഉത്തരം

കൃഷി വകുപ്പിൽ കർഷകർക്ക് അഗ്രികാർഡുകൾ നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കാനറാ ബാങ്കിനെ നോഡൽ ബാങ്കായി ചുമതല ഏൽപ്പിച്ചു കൊണ്ട് ഉത്തരവ് (G.O.(Rt.) No. 845/2014/AD. തീയതി, 9-5-2014) ഇറക്കിയിട്ടുണ്ട്.

അഗ്രികാർഡ് നൽകുന്നതിന്റെ മുഴുവൻ ചെലവും കാനറാ ബാങ്ക് വഹിക്കും. ഇതുവരെയും കാർഡ് വിതരണം കാനറാ ബാങ്ക് ആരംഭിച്ചിട്ടില്ല. അഗ്രികാർഡ് അടിസ്ഥാന രേഖയാക്കി താഴെപറയുന്ന സൗകര്യങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതാണ് :

- കർഷകർക്കായുള്ള സർക്കാർ പദ്ധതികളുടെ എല്ലാ ആനുകൂല്യങ്ങളും മറ്റു സഹായങ്ങളും
- ബാങ്കുകളിൽ നിന്നും 4.1 ശതമാനം പലിശ നിരക്കിൽ കാർഷിക വായ്പ (Crop Loan)
- 7 ശതമാനം പലിശ നിരക്കിൽ മധ്യകാല-ദീർഘകാല വായ്പകൾ. ഇതിന്റെ 50 ശതമാനം പലിശ സബ്സിഡി സർക്കാർ നൽകുന്നതാണ്.

18.75 ലക്ഷം കർഷകർക്കാണ് അഗ്രികാർഡ് വിതരണം ചെയ്യുവാൻ തീരുമാനിച്ചിരിക്കുന്നത്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly